(സി) സിലബസ്സും കോഴ്സുകളും 2015-16 അദ്ധ്യയനവർഷം മുതൽ പരിഷ്കരിച്ചിട്ടുണ്ട്.

(ഡി) വി.എച്ച്.എസ്.ഇ. വിദ്യാഭ്യാസം ആകർഷണീയമാക്കുന്നതിന് സിലബസ്സും കോഴ്സുകളും 2015-16 അദ്ധ്യയനവർഷം മുതൽ പരിഷ്കരിച്ചിട്ടുണ്ട്. 2015-16-ൽ അദ്ധ്യയനവർഷത്തിലെ വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതിപ്രകാരം എം-ഗവേണൻസ്, സ്മാർട്ടീകരണം, ക്ലാസ്സുകളിൽ കരിയർ സ്റ്റേറ്റുകൾ സ്ഥാപിക്കൽ, വിദ്യാർത്ഥികൾക്കായി കൗൺസിലിംഗ് ക്ലാസ്സുകൾ, വ്യവസായ സ്ഥാപനങ്ങളിലെ മേധാവികളുമായി മുഖാമുഖം പരിപാടി എന്നിവ നടത്തിക്കൊണ്ട് വി.എച്ച്.എസ്.ഇ. രംഗം ആകർഷണീയമായ വിദ്യാഭ്യാസ വിഭാഗമായി മാറ്റുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

കലാ-കായിക അദ്ധ്യാപക നിയമനം

39 (1115) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ കലാ - കായിക അദ്ധ്യാപക നിയമനത്തിനായി എസ്.എസ്.എ. ഫണ്ട് ലഭിക്കുന്നുണ്ടോ; പ്രസ്തുത ഫണ്ട് ഉപയോഗിച്ച് സ്കൂളുകളിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം എത്ര വർഷമായി നിയമനങ്ങൾ നടത്തുന്നു എന്നറിയിക്കാമോ;

(സി) ഇതിലേയ്ക്കായി എസ്.എസ്.എ. നൽകുന്ന തുക പൂർണ്ണമായി വിനിയോഗിക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ഡി) എസ്.എസ്.എ. അനുവദിച്ചതിൽ എത്ര തുക വിനിയോഗിക്കാതെ നഷ്ടപ്പെട്ടിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

എസ്.എസ്.എ. ഫണ്ട്

40 (1116) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ. ഫണ്ട് ഏതെല്ലാം പദ്ധതികൾക്കാണ് വിനിയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ നാലര വർഷമായി സംസ്ഥാനത്തിന് അനുവദിച്ച എസ്.എസ്.എ. ഫണ്ട് സംബന്ധിച്ച വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) കേന്ദ്രം അനുവദിച്ച ഫണ്ട് യഥാസമയം ചിലവഴിക്കാനാകാതെ ലാപ്സായ സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ നാലര വർഷത്തിൽ സംസ്ഥാനത്തിന് ചിലവഴിക്കാൻ കഴിയാതെ ലാപ്സായ എസ്.എസ്.എ. ഫണ്ടിന്റെ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രാഥമിക വിദ്യാഭ്യാസമേഖലയെ പരിപോഷിപ്പിക്കുന്നത് ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്കാണ് എസ്.എസ്.എ. ഫണ്ട് ചെലവഴിക്കുന്നത്. ഈ ഇക ഓരോ സാമ്പത്തിക വർഷവും അദ്ധ്യാപക പരിശീലനം, സൗജന്യ യൂണിഫോം, പാഠപുസ്തകം, ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസം, ഗ്രാന്റുകൾ, സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയ മേഖലകളിൽ ചെലവഴിച്ചു വരുന്നു.

(ബി) 2011-12 മുതൽ സംസ്ഥാനത്തിന് അനുവദിച്ച എസ്.എസ്.എ. ഫണ്ട് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	പദ്ധതി അടങ്കൽ	ഫണ്ട് വിവരം		
		കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	ആകെ
2011-12	47636.49	17021.85	14206.29	31228.14
2012-13	52301.79	13449.14	12788.11	26237.25
2013-14	40294.21	20800.66	14967.99	35768.65
2014-15	43109.17	24902.48	11876.54	36779.02

(സി) കഴിഞ്ഞ എല്ലാ സാമ്പത്തിക വർഷവും അനുവദിക്കുന്ന ഇക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. എന്നാൽ ഈ ഇക തൊട്ടടുത്ത സാമ്പത്തിക വർഷം മുൻ നീക്കിയിരുപ്പുമായി കണക്കാക്കി, ആ വർഷത്തെ പദ്ധതി അടങ്കലിൽ നിന്ന് ഈ ഇക കുറച്ചാണ് കേന്ദ്ര ഗവൺമെന്റ് ഫണ്ട് അനുവദിക്കാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly